SUPRABHATHAM - 13-07-2024

■ മത്സ്യമേഖലയിലെ ശുചിത്വപാലനം

# ഐസ് ബോക്സുകൾ വിതരണം ചെയ്തു



സിഫ്‌റ്റ് ഡയരക്ടർ ഡോ. ജോർജ് നൈനാൻ ഐസ് ബോക്സ് വിതരണം ചെയ്യുന്നു

**കൊച്ചി ▸** മത്സ്യമേഖലയിൽ ശുചിത്വപാലനം പ്രോത്സാഹിപ്പിക്കുന്നതിനായി ഐ.സി.എ.ആർ സിഫ്‌റ്റ് ഐസ്ബോക്സുകൾ വിതരണം ചെയ്തു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങ് കെ.ജെ മാക്സി എം.എൽ.എ ഉദ്ഘാടനം ചെയ്തു. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്‌റ്റ് കേന്ദ്രസർക്കാരിന്റെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള (എസ്.സി.എസ്.പി) പദ്ധതിക്ക് കീഴിൽ ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ആതിഥേയത്വത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായാണ് ഐസ് ബോക്സ് വിതരണം നടത്തിയത്.

സിഫ്‌റ്റ് ഡയരക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷനായി. എസ്.സി.എസ്.പി പദ്ധതിക്ക് കീഴിലുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ, പട്ടികജാതി വിഭാഗത്തിലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിൽ സിഫ്‌റ്റ് സജീവമായി ഏർപ്പെട്ടിട്ടുണ്ടെന്ന് ഡയരക്ടർ പറഞ്ഞു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ആൻഡ് നോഡൽ ഓഫീസർ ഡോ. എ. സുരേഷ്, ഡോ. കെ.എ മാർട്ടിൻ സേവ്യർ, പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി, ജെംസി ബിജു, സാബുതോമസ്, ശ്രീകുമാർ, ജോബി പനക്കൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു.